WEDNESDAY

06.09.2023

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–06/09/2023.

1. ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും 35% മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും 50% പഴം പച്ചക്കറി ഉന്തുവണ്ടികൾക്ക് 15,000 രൂപയും 50% ധനസഹായം നൽകുന്നു. കൂടാതെ കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും 50% കൂൺ കൃഷിക്ക് 8 ലക്ഷം രൂപയും 40% കൂൺ വിത്ത്ല്പാദനത്തിന് 6 ലക്ഷം രൂപയും 40% ധനസഹായം നൽകുന്നു കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള, യൂണിവേഴ്സിറ്റി പി. ഒ തിരുവനന്തപുരം- 34 എന്ന വിലാസത്തിലോ 0471 2330856, 2330867, 9188954089 എന്നീ ഫോൺ നമ്പരുകളിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

2. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി കവിത രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. ''അനൂഠാ നാരിയൽ മഹിമ അപാർ'' (അദ്വിതീയം നാളികേരം, മഹിമ അപാരം) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ **സെപ്തംബർ 11-ാം** തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484--2377266 Extn-145/121 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. ഗോ ജീവ സുരക്ഷാ - സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിൽ ഈ മാസം 09 വരെയുള്ള ദിവസങ്ങളിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകിട്ട്

05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന നമ്പരുമായി ബന്ധപ്പെടാവുന്നതാണ്.

4. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ, ഈമാസം വിൽപനക്കുള്ള കോഴികുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 160 രൂപ നിരക്കിൽ ബുക്കിംഗ് ആരംഭിച്ചു. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754

**പരിശീലന പരിപാടി**

5. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12 മുതൽ 16 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ "ശാസ്ത്രീയമായ പശു പരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ സെപ്റ്റംബർ 11ന് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനകം പരിശീലനത്തിൽ പങ്കെടുത്തവരെ പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ ഒറിജിനലും ആയതിന്റെ പകർപ്പും കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, **0471 2440911** എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ ഗ്രാമശ്രീ, കരിങ്കോഴി എന്നീ ഇനങ്ങളിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളുടെ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റെയിൻഗാർഡിങ്ങിൽ 2023 സെപ്റ്റംബർ 12 -ന് പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് നടക്കുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 94447710405 എന്ന ഫോൺ നമ്പരിലോ 0481 2351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**8. കാർഷിക നിർദ്ദേശം** -വാഴ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യത ഉണ്ട്. വാഴക്കന്ന് നടുന്നതിന്റെ മുൻപ് കന്നിന്റെ അടിഭാഗം ചെത്തി വൃത്തിയാക്കി ചാണകലായനിയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്നു നാല് ദിവസം വെയിലത്ത് വച്ച് ഉണക്കി നടുക.വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം